**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2218 — 05.12.2018 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്കാശുപത്രിയുടെ നവീകരണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയത്തിൽ വലിയ നാശനഷ്ടങ്ങളുണ്ടായ ചാലക്കുടി താലൂക്കാശുപത്രിയുടെ അടിയന്തര നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ചാലക്കുടി താലൂക്കാശുപത്രിയുടെ പുനർ നിർമ്മാണവും നവീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി 1.26 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനം നടന്നു വരുന്നു. ഇതു വരെ 75% പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2018 ഡിസംബർ അവസാനത്തോടുകൂടി പണികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ സൊസൈറ്റി, നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഇതു സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ